# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഡിസംബർ 4<br>December 4 | 2019 |
|---|---|

*1193 വൃശ്ചികം 18* ബുധൻ

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**പ്രളയ ദുരിതാശ്വാസം: തിരിച്ചു നൽകേ ത് അധികമായി**

**ലഭിച്ച തുക: ജില്ലാ കളക്ടർ**

2018-ലെ പ്രളയ ദുരിതാശ്വാസമായി അധികമായി അനുവദിച്ച തുകയാണ് കോഴഞ്ചേരി താലൂക്കിലെ 36 ഗുണഭോക്താക്കളിൽ നിന്ന് തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ചിരിക്കുന്നതെന്ന് ജില്ലാ കളക്ടർ പി.ബി നൂഹ് അറിയിച്ചു. ഇതിൽ 15 ഗുണഭോക്താക്കൾ തങ്ങൾക്ക് അനർഹമായി ലഭിച്ച 6,45,000 രൂപാ തിരികെ അടച്ചുവെന്നും ബാക്കി 16,80,000 രൂപാ 21 ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള അടിയന്തര നടപടികൾ നടക്കുന്നതെന്നും ജില്ലാ കളക്ടർ അറിയിച്ചു. ഇത്തരത്തിൽ അനർഹമായി കൈപ്പറ്റിയ ധനസഹായം തിരികെ അടയ്ക്കുന്നതിനായി നോട്ടീസ് നൽകുന്നത് സ്വാഭാവിക നടപടിക്രമമാണെന്നും സർക്കാർ മാനദണ്ഡപ്രകാരം അനുവദിച്ച അർഹമായ തുകയ്ക്ക് പുറമേ അനർഹമായി കൈപ്പറ്റിയ അധിക തുക തിരികെ അടയ്ക്കുവാൻ എല്ലാ ഗുണഭോക്താക്കളും നിയമപരമായി ബാധ്യസ്ഥരാണെന്നും കളക്ടർ വ്യക്തമാക്കി.

ഇത്തരത്തിൽ തിരുവല്ല താലൂക്കിൽ 44 ഗുണഭോക്താക്കൾക്കായി ആകെ 24,64,100 രൂപാ അധികമായി അനുവദിച്ചിരുന്നു. അനർഹമായി കൈപ്പറ്റിയ ഈ തുക ഗുണഭോക്താക്കളിൽ ഒക്ടോബർ 30 തോടുകൂടി പൂർണ്ണമായും തിരികെ അടച്ചിരുന്നുവെന്നും ജില്ലാ കളക്ടർ പറഞ്ഞു.

പ്രളയം ജില്ലയിൽ ഏറ്റവും രൂക്ഷമായി ബാധിച്ച കോഴഞ്ചേരി, തിരുവല്ല താലൂക്കുകളിൽ നിന്ന് ലഭിച്ച അപേക്ഷകൾ പരിഗണിച്ച് സമയബന്ധിതമായി തീർപ്പാക്കുകയും അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രാഥമികമായി ലഭിച്ച പരാതിയിലെ പരിശോധനയുടെ അടിസ്ഥാനത്തിൽ തുക അനുവദിച്ച ചില ഗുണഭോക്താക്കൾ അവർക്ക് കൂടുതൽ നാശനഷ്ടം ഉ ായിട്ടു ന്നും കൂടുതൽ നഷ്ടപരിഹാരതുകയ്ക്ക് അർഹതയു ന്നും സൂചിപ്പിച്ച് അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഈ അപേക്ഷകൾ പരിശോധിച്ചതിൽ ചിലർക്ക് അർഹത ഉ ന്ന് ക ത്തി ഉയർന്ന തുക അനുവദിക്കുകയും ചെയ്തു. ഇത്തരത്തിൽ ര ാമത് ഉയർന്ന തുക അനുവദിച്ച കോഴഞ്ചേരി താലൂക്കിലെ 36 ഗുണഭോക്താക്കൾക്ക് ര ാമത് ഉയർന്ന തുക അനുവദിച്ചപ്പോൾ ആദ്യം അനുവദിച്ച തുക കിഴിച്ച് ബാക്കി തുക നൽകേ തിനു പകരം മൊത്തം തുകയും വീ ും അനുവദിക്കുകയായിരുന്നു. ഇങ്ങനെ അധികമായി അനുവദിച്ച തുകയാണ് ഇപ്പോൾ തിരിച്ചു നൽകണമെന്ന് അറിയിച്ചുകൊ ് നോട്ടീസ് നൽകിയിരിക്കുന്നത്.

ഇത്തരത്തിൽ കോഴഞ്ചേരി താലൂക്കിൽ 36 ഗുണഭോക്താക്കൾക്കായി ആകെ 23,25,000 രൂപാ അധികമായി അനുവദിച്ചിരുന്നു. ഈ 36 ഗുണഭോക്താക്കളോട് ര ു തവണ അനുവദിച്ച തുകയിൽ നിന്നും പ്രാഥമികമായി അനുവദിച്ച തുക തിരിച്ചടയ്ക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ഇതിൽ 15 ഗുണഭോക്താക്കൾ തങ്ങൾക്ക് അനർഹമായി ലഭിച്ച 6,45,000 രൂപാ തിരികെ അടച്ചു. ബാക്കി 16,80,000 രൂപാ 21 ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള അടിയന്തര നടപടികളാണ് ഇപ്പോൾ നടക്കുന്നത്.

മാധ്യമ വാർത്തകളിൽ വന്ന പരാതിക്കാരായ കോഴഞ്ചേരി വില്ലേജിലെ ഗിരീഷ് കുമാർ, പൊന്നമ്മ എന്നിവരുടെ പരാതി സംബന്ധിച്ച വിവരം ഇപ്രകാരമാണ്: കോഴഞ്ചേരി വില്ലേജിലെ കാഞ്ഞിരമൺ മേലുകര ഗിരീഷ്കുമാറിന് 2019 ജനുവരി 24ന് 60,000 രൂപ ആദ്യം നൽകിയിരുന്നു. 2019 മേയ് 30ന് ര ാമതായി 1,25,000 രൂപ കൂടി അനുവദിച്ചു. ഇതോടെ ആകെ ഇയാൾക്ക് ലഭിച്ച തുക 1,85,000 രൂപയായി. വാസ്തവത്തിൽ ഗിരീഷിന് ര ാമത് ലഭിക്കേ ിയിരുന്നത് 65,000 രൂപയായിരുന്നു. അങ്ങനെ മൊത്തത്തിൽ 1,25,000 രൂപയ്ക്കാണ് ഗിരീഷിന് അർഹതയുള്ളത്. അധികമായി നൽകിയ 60,000 രൂപയാണ് തിരിച്ചടയ്ക്കേ ത്.

കോഴഞ്ചേരി വില്ലേജിലെ മേലുകര അവുതോൺ വീട് പൊന്നമ്മ രാജന് 2019 ഫെബ്രുവരി 15ന് ആദ്യം 1,25,000 രൂപ അനുവദിച്ചിരുന്നു. 2019 മേയ് 30ന് ര ാമതായി 2,50,000 രൂപകൂടി പൊന്നമ്മയ്ക്ക് അനുവദിച്ചു. ഇതോടെ ഇവർക്ക് ആകെ 3,75,000 രൂപ ലഭിച്ചു. വാസ്തവത്തിൽ പൊന്നമ്മയ്ക്ക് ര ാമത് ലഭിക്കേ ിയിരുന്നത് 1,25,000 രൂപയായി

രുന്നു. മൊത്തത്തിൽ 2,50,000 രൂപയ്ക്കാണ് പൊന്നമ്മയ്ക്ക് അർഹതയുള്ളത്. അധികമായി നൽകിയ 1,25,000 രൂപയാണ് ഇവർ തിരിച്ചടയ്ക്കേ ത്.

2018 ലെ പ്രളയത്തിൽ പത്തനംതിട്ട ജില്ലയിൽ 694 വീടുകൾ പൂർണ്ണമായും, 23,033 വീടുകൾ ഭാഗികമായും തകർന്നു. പൂർണ്ണമായും തകർന്ന 694 വീടുകളിൽ 398 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ബാക്കി 296 വീടുകളിൽ 118 വീടുകൾ റൂഫ് ലെവലിലും, 51 വീടുകൾ ലിന്റൽ ലെവലിലും, 114 വീടുകൾ ബേസ്മെന്റ് ഘട്ടത്തിലുമാണ്. ഈ വീടുകളുടെ നിർമ്മാണം ദ്രുത ഗതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭാഗീകമായി തകർന്ന 23,033 വീടുകൾക്കുള്ള ധനസഹായം പൂർണ്ണമായും നൽകിയിട്ടുള്ളതും ഇതിനായി 149 കോടി രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതുമാണ്.

(പിഎൻപി 3472/19).

## ആറന്മുളയിലെ സപ്ലൈകോ മാവേലി സൂപ്പർ സ്റ്റോർ

## മന്ത്രി പി. തിലോത്തമൻ ഇന്ന്(5)ഉദ്ഘാടനം ചെയ്യും

ആറന്മുളയിൽ പ്രളയത്തെത്തുടർന്ന് നശിച്ചുപോയ മാവേലി സ്റ്റോറിന് പകരം അനുവദിച്ച സപ്ലൈകോ മാവേലി സൂപ്പർ സ്റ്റോറിന്റെ ഉദ്ഘാടനം ഇന്ന് (5/12/19) രാവിലെ 10 ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി പി. തിലോത്തമൻ നിർവഹിക്കും. വീണാജോർജ് എം.എൽ.എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സപ്ലൈകോ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ കെ.എൻ സതീഷ്, ജില്ലാ സപ്ലൈ ഓഫീസർ എം.എസ് ബീന, കുളനട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രേഖ അനിൽ, ആറന്മുള ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഐഷാ പുരുഷോത്തമൻ, വാർഡ് മെമ്പർ സുജാ സുരേഷ്, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും. ആദ്യ വിൽപ്പന ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി നിർവഹിക്കും.

(പിഎൻപി 3473/19).

## കോഴഞ്ചേരി സപ്ലൈകോ മാവേലി സൂപ്പർ സ്റ്റോറിന്റെ ഉദ്ഘാടനം ഇന്ന് (5)

കോഴഞ്ചേരി മാവേലി സ്റ്റോറിന് പകരം ഉപഭോക്താവിന് സ്വയം തെരഞ്ഞെടുക്കുന്നതിനുള്ള സൗകര്യത്തോടു കൂടി അനുവദിച്ച സപ്ലൈകോ മാവേലി സൂപ്പർ സ്റ്റോറിന്റെ ഉദ്ഘാടനം ഇന്ന് (5) രാവിലെ 11ന് ഭക്ഷ്യ പൊതുവിതരണ വകുപ്പു മന്ത്രി പി. തിലോത്തമൻ നിർവഹിക്കും.

വീണാ ജോർജ് എം.എൽ.എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ജില്ല പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ആദ്യ വിൽപന നടത്തും. സപ്ലൈകോ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ കെ.എൻ സതീഷ്, ജില്ലാ സപ്ലൈ ഓഫീസർ എം.എസ് ബീന, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജെറി മാത്യു സാം, കോഴഞ്ചേരി ഗ്രാമ പഞ്ചായത്ത്

പ്രസിഡന്റ് മിനി ശ്യാംമോഹൻ, വൈസ് പ്രസിഡന്റ് എം.എസ് പ്രകാശ് കുമാർ, വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

(പിഎൻപി 3474/19).

## നാരങ്ങാനം സപ്ലൈകോ മാവേലി സൂപ്പർ സ്റ്റോറിന്റെ ഉദ്ഘാടനം ഇന്ന് (5)

നാരങ്ങാനത്തു മാവേലി സ്റ്റോറിന് പകരം ഉപഭോക്താവിന് സ്വയം തെരഞ്ഞെടുക്കുന്നതിനുള്ള സൗകര്യത്തോടു കൂടി അനുവദിച്ച സപ്ലൈകോ മാവേലി സൂപ്പർ സ്റ്റോർ ഇന്ന് (5) ഉച്ചയ്ക്ക് 12.30ന് ഭക്ഷ്യ പൊതുവിതരണ വകുപ്പു മന്ത്രി പി.തിലോത്തമൻ ഉദ്ഘാടനം ചെയ്യും. വീണാ ജോർജ് എം.എൽ.എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ജില്ല പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ആദ്യ വിൽപന നടത്തും. സപ്ലൈകോ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ കെ.എൻ സതീഷ്, ജില്ലാ സപ്ലൈ ഓഫീസർ എം.എസ് ബീന, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജെറി മാത്യു സാം, നാരങ്ങാനം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കടമ്മനിട്ട കരുണാകരൻ എന്നിവരും വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളും ചടങ്ങിൽ പങ്കെടുക്കും.

(പിഎൻപി 3475/19).

## കളക്ടറേറ്റിൽ ഉപഭോക്തൃസഹായകേന്ദ്രത്തിന്റെ ഉദ്ഘാടനം ഇന്ന്(5)

പൊതുവിതരണ, ഉപഭോക്തൃസംരക്ഷണ വകുപ്പ് പത്തനംതിട്ട കളക്ടറേറ്റിൽ പുതുതായി സ്ഥാപിച്ച ഉപഭോക്തൃസഹായകേന്ദ്രത്തിന്റെ (കിയോസ്ക്) ഉദ്ഘാടനം ഇന്ന്(5) ഉച്ചകഴിഞ്ഞ് ര  ിന് ഭക്ഷ്യ, പൊതുവിതരണ ഉപഭോക്തൃകാര്യവകുപ്പ് മന്ത്രി പി.തിലോത്തമൻ നിർവഹിക്കും. ഉപഭോക്തൃ സംബന്ധമായ എല്ലാവിധ പരാതികളും ഈ കേന്ദ്രത്തിൽ സമർപ്പിക്കാമെന്ന് ജില്ലാ സപ്ലൈ ഓഫീസർ എം.എസ്. ബീന പറഞ്ഞു.

(പിഎൻപി 3476/19).

## തണ്ണിത്തോട് സപ്ലൈകോ മാവേലി സൂപ്പർ സ്റ്റോറിന്റെ ഉദ്ഘാടനം ഇന്ന് (5)

തണ്ണിത്തോട് മാവേലി സ്റ്റോറിന് പകരമായി ഉപഭോക്താവിന് സ്വയം തെരഞ്ഞെടുക്കുന്നതിനുള്ള സൗകര്യത്തോടു കൂടി അനുവദിച്ച സപ്ലൈകോയുടെ സപ്ലൈകോ മാവേലി സൂപ്പർ സ്റ്റോറിന്റെ ഉദ്ഘാടനം ഇന്ന് (5) ഉച്ചകഴിഞ്ഞ് മൂന്നിന് ഭക്ഷ്യ പൊതുവിതരണ വകുപ്പു മന്ത്രി പി. തിലോത്തമൻ നിർവഹിക്കും. കെ.യു ജനീഷ് കുമാർ എം.എൽഎ അധ്യക്ഷവഹിക്കുന്ന ചടങ്ങിൽ ജില്ല പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ആദ്യ വിൽപന നടത്തും. സപ്ലൈകോ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ കെ.എൻ സതീഷ്, ജില്ലാ സപ്ലൈ ഓഫീസർ എം.എസ് ബീന, കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ, തണ്ണിത്തോട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എം.വി അമ്പിളി, വാർഡ് മെമ്പർ കെ.വി സുഭാഷ് എന്നിവരും വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളും പങ്കെടുക്കും.

(പിഎൻപി 3477/19).

**ലോക ഭിന്നശേഷി ദിനാഘോഷം നടത്തി**

## ജില്ലയിലെ സർക്കാർ പൊതുകെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിക്കും: വീണാ ജോർജ് എംഎൽഎ

പത്തനംതിട്ട സാമൂഹ്യ നീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഭിന്നശേഷി ദിനാഘോഷം ഓമല്ലൂർ ദർശന ഓഡിറ്റോറിയത്തിൽ നടത്തി. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ലീലാ മോഹൻ പതാക ഉയർത്തി. ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഭിന്നശേഷിക്കാർ, സ്പെഷ്യൽ സ്കൂൾ, ബഡ്സ് സ്കൂൾ എന്നിവിടങ്ങളിൽ നിന്നുള്ള കുട്ടികൾ കലാകായിക മത്സരങ്ങളിൽ പങ്കെടുത്തു.

പരിപാടിയുടെ സമാപന സമ്മേളനം വീണാ ജോർജ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. ജില്ലയിലെ എല്ലാ സർക്കാർ പൊതുകെട്ടിടങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ജില്ലാ സാമൂഹ്യനീതി ഓഫീസിനെ ഭിന്നശേഷി സൗഹൃദ കെട്ടിടത്തിലേക്ക് മാറ്റി ഇതിന് തുടക്കം കുറിക്കാമെന്നും എം.എൽ.എ പറഞ്ഞു. ജില്ലയിലെ ഭിന്നശേഷിക്കാർക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ നൽകുന്നതിനുള്ള ക്യാമ്പ് സംഘടിപ്പിക്കുമെന്നും പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയതായും എം.എൽ.എ പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി മുഖ്യ പ്രഭാഷണം നടത്തി സമ്മാനദാനവും നിർവഹിച്ചു. ഓമല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് ഗീതാ വിജയൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സാമൂഹ്യ നീതി ഓഫീസർ ഷംലാ ബീഗം, വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ എലിസബത്ത് അബു, അനിത കെ.ജി, കെ.പി രമേശ്, പ്രൊഫസർ കെ. മാത്യു, , സി.കെ രാജൻ, ശശീന്ദ്രൻ പെരുനാട്, ഫാദർ വർഗീസ് ചാമക്കാല, ജാഫർഖാൻ, സതീഷ് തങ്കച്ചൻ എന്നിവർ സംസാരിച്ചു. ഫയർഫോഴ്സിന്റെ പ്രത്യേക പ്രോഗ്രാം ഏറെ വ്യത്യസ്തത പുലർത്തി. ആരോഗ്യ വകുപ്പിന്റെ സേവനവും ലഭ്യമാക്കി.

***ഫോട്ടോ അടിക്കുറിപ്പ്: വീണാ ജോർജ്–*** ഭിന്നശേഷി ദിനാചരണത്തിന്റെ സമാപന സമ്മേളനം വീണാ ജോർജ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.

(പിഎൻപി 3478/19).

## പമ്പയെ സംരക്ഷിക്കാൻ ഗ്രീൻ ഗാർഡ്സ് പ്രവർത്തനം തുടങ്ങി

ശബരീശ ദർശനത്തിനായി പമ്പയിലെത്തുന്ന തീർത്ഥാടകരെ കഴിഞ്ഞവർഷത്തേപ്പോലെ ഇത്തവണയും സ്വാഗതം ചെയ്യുന്നത് ശരണം വിളികൾക്കൊപ്പം നീ വിസിലടികൾ കൂടിയാണ്. പമ്പാ സ്നാനഘട്ടത്തിൽ ശുചിത്വമിഷന്റെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഗ്രീൻ ഗാർഡ്സാണ് ഈ വിസിലടികളുടെ പിറകിൽ. ശബരിമല സാനിട്ടേഷൻ സൊസൈറ്റിയുടെ കീഴിലുള്ള വിശുദ്ധിസേനാ അംഗങ്ങളാണ് ഇത്തവണ ഗ്രീൻ ഗാർഡ്സായി പ്രവർത്തിക്കുന്നത്. പുണ്യനദിയായ പമ്പയിൽ വസ്ത്രങ്ങൾ ഉപേക്ഷിക്കുന്നതു തടയുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ജില്ലാ ഭരണകൂടം നടത്തുന്ന മിഷൻ ഗ്രീൻ ശബരിമല പദ്ധതിയുടെ ഭാഗമായി ശുചിത്വമിഷന്റെ നേതൃത്വത്തിൽ കഴിഞ്ഞ

മൂന്നു വർഷമായി ഗ്രീൻ ഗാർഡ്സിനെ പമ്പാതീരത്ത് വിന്യസിച്ചിരുന്നത്. ര ് ഷിഫ്റ്റുകളിലായി 24 ഗ്രീൻ ഗാർഡ്സുകളെയാണ് ഇത്തവണ പമ്പാ സ്നാനഘട്ടത്തിൽ ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ളത്.

പമ്പയിൽ നടന്ന ചടങ്ങിൽ ഗ്രീൻ ഗാർഡ്സിന്റെ പ്രവർത്തന ഉദ്ഘാടനവും യൂണിഫോം വിതരണവും ശബരിമല അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് എൻ.എസ്.കെ ഉമേഷ് നിർവഹിച്ചു. പമ്പാ ഡ്യൂട്ടി മജിസ്ട്രേറ്റ് എൻ.കെ കൃപ, ജില്ലാ ശുചിത്വമിഷൻ കോ-ഓർഡിനേറ്റർ സി.രാധാകൃഷ്ണൻ, പ്രോഗ്രാം ഓഫീസർ കെ.ആർ അജയ്, ടെക്നിക്കൽ കൺസൾട്ടന്റ് ജെറിൻ ജെയിംസ് വർഗീസ്, ക്രിസ് ഗ്ലോബൽ ട്രേഡേഴ്സ് സി.ഇ.ഒ: എം.ക്രിസ്റ്റഫർ, മറ്റ് ഉദ്യോഗസ്ഥർ, വിശുദ്ധിസേനാ അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

കഴിഞ്ഞ മൂന്ന് വർഷത്തെ തീർത്ഥാടന കാലയളവിൽ ഗ്രീൻ ഗാർഡ്സിന്റെ പ്രവർത്തനത്തിന്റെ ഫലമായി പമ്പാനദിയിൽ നിക്ഷേപിക്കുന്ന വസ്ത്രങ്ങളുടെ അളവ് പകുതിയോളം കുറഞ്ഞിട്ടു ്. പമ്പാനദിയിൽ വസ്ത്രങ്ങൾ നിക്ഷേപിക്കരുതെന്നും ശബരിമലയിൽ പ്ലാസ്റ്റിക് വസ്തുക്കൾ ഒഴിവാക്കണമെന്നുമുള്ള സന്ദേശങ്ങൾ അഞ്ച് ഭാഷകളിൽ ആലേഖനം ചെയ്ത പോക്കറ്റ് കാർഡും ഇതേ സന്ദേശങ്ങൾ അടങ്ങിയ തുണിസഞ്ചിയും ശുചിത്വമിഷന്റെ നേതൃത്വത്തിൽ നിലയ്ക്കൽ ബേസ് ക്യാമ്പ്, ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ അയ്യപ്പഭക്തർക്ക് നൽകുന്നു ്.

***ഫോട്ടോ അടിക്കുറിപ്പ് 1, 2 –***

ഗ്രീൻ ഗാർഡ്സിന്റെ പ്രവർത്തന ഉദ്ഘാടനം ശബരിമല അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് എൻ.എസ്.കെ ഉമേഷ് നിർവഹിക്കുന്നു.

***ഫോട്ടോ അടിക്കുറിപ്പ് 3 –***

ഗ്രീൻ ഗാർഡ്സിനുള്ള യൂണിഫോം വിതരണ ഉദ്ഘാടനം ശബരിമല അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് എൻ.എസ്.കെ ഉമേഷ് നിർവഹിക്കുന്നു.

(പിഎൻപി 3479/19).

## വാർഷിക പദ്ധതി നിർവഹണ അവലോകനം നടത്തി

ജില്ലാ പഞ്ചായത്തിന്റെയും പത്തനംതിട്ട, അടൂർ, പന്തളം, തിരുവല്ല എന്നീ നഗരസഭകളുടെയും 2019-20 വാർഷിക പദ്ധതി നിർവഹണ അവലോകനം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്നു. ഗ്രാമ പഞ്ചായത്തുകളുടേയും ബ്ലോക്ക് പഞ്ചായത്തുകളുടേയും വാർഷിക പദ്ധതി നിർവഹണ അവലോകനം നവംബർ 20ന് പൂർത്തിയായിരുന്നു.പദ്ധതി നിർവഹണത്തിൽ സംസ്ഥാന തലത്തിൽ ജില്ലയ്ക്ക് എട്ടാം സ്ഥാനമാണുള്ളത്.

ഡിസംബർ 31നകം പരമാവധി പദ്ധതി നിർവഹണം പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ടവർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണമെന്ന് ജില്ലാ പ്ലാനിംഗ്

ഓഫീസർ വി. ജഗൽ കുമാർ അറിയിച്ചു. ജില്ലാതല ഉദ്യോഗസ്ഥർ അവരുടെ പരിധിയിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി പ്രത്യേക അവലോകനം ചെയ്ത് പ്രശ്നങ്ങൾ ഉ ങ്കിൽ പരിഹരിക്കണമെന്നും പദ്ധതികൾ വിലയിരുത്തി സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് അദ്ദേഹം അറിയിച്ചു. ഡെപ്യൂട്ടി പ്ലാനിംഗ് ഓഫീസർ വി.ആർ മുരളിധരൻ നായർ, അസി.പ്ലാനിംഗ് ഓഫീസർ ജി.ഉല്ലാസ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

(പിഎൻപി 3480/19).

## ഹിന്ദി ഡിപ്ലോമ സീറ്റ് ഒഴിവ്

കേരള സർക്കാരിന്റെ ഹിന്ദി ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ കോഴ്സിന് ഒഴിവുള്ള സീറ്റിലേക്ക് പ്ലസ് ടു 50 ശതമാനം മാർക്ക് ഉള്ളവർക്ക് അപേക്ഷിക്കാം. പ്രിൻസിപ്പാൾ, ഭാരത് ഹിന്ദി പ്രചാര കേന്ദ്രം, അടൂർ, പത്തനംതിട്ട. ഫോൺ: 04734 226028, 8547126028

(പിഎൻപി 3481/19).




# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഡിസംബർ 4<br>December 4 | 2019 |
|---|---|

***1193 വൃശ്ചികം 18*** ബുധൻ

# പത്രക്കുറിപ്പ് -3

[www.prd.kerala.gov.in](http://www.prd.kerala.gov.in), [diopta1@gmail.com](mailto:diopta1@gmail.com) ഫോൺ0468-2222657

**തുടർ വിദ്യാഭ്യാസകലോത്സവം; കോന്നി ബ്ലോക്ക് ഒന്നാം സ്ഥാനത്ത്**

ജില്ലാ സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച തുടർ വിദ്യാഭ്യാസ കലോത്സവത്തിൽ 59 പോയിന്റ് നേടിയ കോന്നി ബ്ലോക്ക് ഒന്നാം സ്ഥാനവും 51 പോയിന്റ് നേടിയ കോയിപ്രം ബ്ലോക്ക് ര ാം സ്ഥാനവും കരസ്ഥമാക്കി. പത്തനംതിട്ടയിൽ നടന്ന കലോത്സവത്തിൽ വിജയികളുടെ സമ്മാനദാനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി നിർവഹിച്ചു.

നഗരസഭാ സ്ഥിരം സമിതി ചെയർമാൻ ജാസിംകുട്ടിയുടെ അധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനത്തിൽ സാക്ഷരതാ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ഡോ.വി വി.മാത്യു, അസി. കോ - ഓർഡിനേറ്റർ ഡോ.പി.മുരുകദാസ്, കോന്നിയൂർ രാധാകൃഷ്ണൻ, എ. അമീർ ജാൻ, എസ്.മീരാസാഹിബ്, അഫ്സൽ ആനപ്പാറ, രാജൻ പടിയറ, ശശികലാ.എസ്. കുമാർ, വേണുവള്ളിക്കോട്, ടി.ശിവദാസ് എന്നിവർ പ്രസംഗിച്ചു

***ഫോട്ടോ അടിക്കുറിപ്പ് 6:-*** ജില്ലാ സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച തുടർ വിദ്യാഭ്യാസ കലോത്സവത്തിലെ വിജയികൾക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി സമ്മാനം നൽകുന്നു.

(പിഎന്‍പി 3482/19).



വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.